# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.701

28.02.2018 ന് മറുപടിയ്ക്ക്.

## അതിരപ്പിള്ളി മേഖലയിലെ വന്യമൃഗ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആന, പുലി എന്നിവയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിയ്ക്കും വീടുകൾക്കും മനുഷ്യ ജീവനും നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആന, പുലി എന്നിവയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിനായി വാഴച്ചാൽ വനം ഡിവിഷനു കീഴിൽ 14.5 കി.മീ. സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആന പ്രതിരോധ ഭിത്തി, കല്ല് പതിച്ച കിടങ്ങുകൾ, റെയിൽ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്. വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കുടിവെള്ളം ലഭ്യമാക്കുന്നതിന് 30 കുളങ്ങളും 8 ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. ഈ നടപടിയിൽ നിന്നും ഉദ്ദേശിച്ച ഫലം ലഭിക്കുന്നുണ്ട്. വനത്തിനോട് ചേർന്നുള്ള കൃഷിസ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ കൃഷി ചെയ്യാതിരിക്കുന്നതിനുള്ള ബോധവൽക്കരണം ഈ മേഖലയിലുള്ള കർഷകർക്ക് നൽകി വരുന്നു. |
| (ബി) വന്യമൃഗ ആക്രമണത്തിൽ നിന്നും രക്ഷ നേടുന്നതിന് സഹായകരമാകുന്നതിനായി റാപ്പിഡ് ടാസ്ക് ഫോഴ്സിന്റെ സേവനം അതിരപ്പിള്ളി മേഖലയിൽ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ? | (ബി) ഈ മേഖലയിൽ വന്യജീവി ആക്രമണം നേരിടുന്നതിന് റാപ്പിഡ് ടാസ്ക് ഫോഴ്സിന്റെ സേവനം ആവശ്യമാണെന്ന് കാണുന്ന പക്ഷം അടിയന്തിരമായി സമീപത്തുള്ള ടീമിനെ പ്രസ്തുത പ്രദേശത്ത് എത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നിലവിലുണ്ട്. കൂടാതെ അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഉദ്യോഗസ്ഥരേയും വാഹനങ്ങളേയും പുനഃക്രമീകരിച്ച് താല്ക്കാലിക ആർ.ആർ.റ്റി-കൾ പ്രവർത്തിപ്പിക്കുന്ന സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ